## 488

ജയ ജയ ജയ ഗീതം ഉന്നതനാമെന്നേശുവിനായ്
ഞാനെന്നാളും പാടിടും രാജാധിരാജൻ നീ ദേവാധിദേവൻ നീ
ഭൂജാതികൾക്കെല്ലാം രക്ഷാകരൻ നീയേ-

1 ഉന്നതി വിട്ടീ മന്നിതിൽ വന്നെൻ ഖിന്നത തീർപ്പാനായ്
തന്നുയിരേകി മന്നവനാം നീ നിന്ദ ചുമന്നതിനാൽ-

2 വിലാപഗാനം മാറ്റിയെൻ നാവിൽ പുതിയൊരു പാട്ടേകി
വിണ്ണുലകത്തിന്നധിപതിയാകും നിൻപ്രിയ മകനാക്കി-

3 കരുമന തീരും കണ്ണീർ തോരും നിൻതിരു സന്നിധിയിൽ
കരുണയെഴും നിൻ കരങ്ങളാലെ കരുതി നടത്തിടും- **G.K.**